തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക്‌ലിസ്റ്റിൽ നിന്നുമുള്ള നിയമനം

460 [812] ശ്രീ. പന്തളം സുധാകരൻ:

,, കെ. രാഘവൻമാസ്റ്റർ:

,, രാഘവൻ പൊഴക്കടവിൽ:

,, കെ.സി. ജോസഫ്:

,, ജി. കാർത്തികേയൻ:

,, എ.സി. ജോസ്:

,, രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിയമിക്കുവാനുള്ള എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ വൈകുന്നത് മറ്റു ജില്ലകളിൽ നിന്ന് ഇങ്ങോട്ട് സ്ഥലംമാറ്റംവഴി ഒഴിവുകൾ നികത്തുന്നതുകൊണ്ടാണെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരിഹാരനടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള റാങ്ക്‌ലിസ്റ്റിൽനിന്നും ഇതുവരെ നിയമിച്ചവരുടെ ജാതി തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. ഇതുസംബന്ധമായ വ്യക്തമായ പരാതികളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ജവഹർബാലഭവനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

461 [814] ശ്രീ. പി.സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ജവഹർ ബാലഭവനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം അനുവദിച്ചുകൊണ്ടുള്ള ഗവൺമെൻറിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(ബി) പ്രസ്തുത ഉത്തരവ് നടപ്പാക്കാനാവശ്യമായ സാമ്പത്തിക സ്ഥിതി ഈ സ്ഥാപനത്തിനുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ തുക കണ്ടെത്തുവാൻ ഉള്ള നടപടി ഇപ്പോൾ ഏതു നിലയിലിരിക്കുന്നു;

† അനുബന്ധം—I.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആനുകൂല്യങ്ങൾ എത്രയും വേഗം ജീവനക്കാർക്ക് ലഭിക്കുവാൻ സത്വര നടപടികൾ എടുക്കാമോ ?

ഉത്തരം

(എ) 1-4-1985–ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി), (ഡി) നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

മൊത്തം ജനസംഖ്യയിൽ തമിഴരുടെ അംഗസംഖ്യ

462 [818] ശ്രീ. ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തുള്ള തമിഴരുടെ ജില്ല തിരിച്ചും താലൂക്ക് തിരിച്ചും ഉള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പട്ടണങ്ങളിൽ താമസിക്കുന്ന തമിഴരിൽ സ്ത്രീകളുടേയും പുരുഷൻമാരുടേയും കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ), (ബി) ഇതു സംബന്ധിച്ച 1981–ലെ സെൻസസ് കണക്കുകൾ തയ്യാറായിട്ടില്ല.

പെൻഷൻകാർക്കുള്ള ആനുകൂല്യങ്ങൾ

463 [819] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറ് സർവ്വീസിൽനിന്ന് പെൻഷൻ പറ്റിയവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പെൻഷൻകാരുടെ സംഘടന ഗവൺമെൻറിന് എന്തെങ്കിലും നിവേദനം ഇക്കാര്യത്തിൽ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറിൻറെ സമീപനം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പെൻഷൻ നിയമങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് ഉത്തരവുകൾ ഉൾപ്പെടെ ഇതു സംബന്ധിച്ചുള്ള എല്ലാ വശങ്ങളും ധനകാര്യ വകുപ്പിൻറെ പരിശോധനക്കു വിധേയമാക്കുന്നതാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly